# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 3630 15/07/2015 -ൽ മറുപടിക്ക്

### ദേശീയ-ഉൾനാടൻ ജലപാതകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്ക് അനുമതി നൽകി കഴിഞ്ഞ സാഹചര്യത്തിൽ തദ്ദേശീയ ചരക്കുഗതാഗതത്തിന് ഏറ്റവും ഉപയോഗപ്രദമായ ഉൾനാടൻ ജലപാതാ വികസനക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ഉണ്ടാകുമോ; | (എ) ശ്രദ്ധ ഉണ്ടാകും. ഉൾനാടൻ ജലപാതയുടെ ചരക്കു ഗതാഗതം സാധ്യമാക്കുന്നതിനാവശ്യമായ വിവിധ വികസന പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) കോവളം-കൊല്ലം ജലപാതയുടെ നിർമ്മാണത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയും ചെയ്തുതീർത്ത ജോലികളും കടത്തികൊണ്ടുപോയ മണലിന്റെ വ്യാപ്തിയും സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം നല്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) കോവളം-കൊല്ലം ജലപാതയുടെ നിർമ്മാണത്തിന് കഴിഞ്ഞ് സർക്കാരിന്റെ കാലത്ത് 4,48,09,305/- രൂപ ചെലവഴിക്കുകയുണ്ടായി. ഈ കാലയളവിൽ ഐ.എസ്.ആർ.ഒ പാലം മുതൽ കഠിനം കുളം കായൽ വരെ 8 റീച്ചുകളായും കഠിനംകുളം കായൽ മുതൽ അഞ്ചുതെങ്ങ് കായൽ വരെ 3 റീച്ചുകളായും പരവൂർ കായൽ മുതൽ അഷ്ടമുടി കായൽ വരെ 8 റീച്ചുകളായും ജലപാതയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായി. ഈ കാലയളവിൽ ഡ്രഡ്ജിംഗിന്റെ ഭാഗമായി ലഭിച്ച സ്പോയിലിന്റെ അളവ് 35603.85 m3 ആണ്. ഈ സ്പോയിലിൽ അടങ്ങിയിട്ടുള്ള മണലിന്റെ അംശം അനുസരിച്ച് retrieval cost കഴിച്ചുള്ള മണലിന്റെ വില പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ സർക്കാരിലേയ്ക്ക് ഈ കാലയളവിൽ 33,57,564/- രൂപ വരവായി ലഭിച്ചിട്ടുണ്ട്. |

(സി) ദേശീയ ജലപാതാ വികസനകാര്യത്തിൽ മലബാർ മേഖലയിൽ ഏതൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്താനുണ്ടെന്നും, ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും സംബന്ധിച്ച വിശദവിവരം നൽകുമോ?

(സി) <u>പി.സി.കനാൽ</u>

79 കി.മീ. ദൈർഘ്യമുള്ള പൊന്നാനി-ചേറ്റുവ (പി.സി.കനാൽ) തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ പൊന്നാനി വരെയുള്ള ജലപാത ഭാരതപുഴയേയും ദേശീയ ജലപാത നം.-3 യെയും തമ്മിൽ ബന്ധിപ്പിക്കുന്നു. പ്രസ്തുത കനാലിന്റെ 1.32 കി.മീ ഭാഗം പുനരുദ്ധാരണപ്രവൃത്തികൾ പുരോഗതിയിലാണ്. 8 കി.മീ ഭാഗം 12-ാം ധനകാര്യകമ്മീഷൻ അവാർഡിൽ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ഭാഗങ്ങളിലായി ജലപാതയുടെ നിലവാരത്തിലേക്ക് പുനരുദ്ധാരണപ്രവൃത്തികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

<u>ഇ.കെ.കനാൽ</u>

കോഴിക്കോട് സിറ്റിയിൽ കൂടി കടന്നുപോകുന്ന 11.2 കി.മീ നീളത്തിലുള്ള ഇ.കെ.കനാലിന്റെ (കനോലി കനാൽ) 8.8 കി.മീ നീളത്തിൽ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണവും, നബാർഡ് ആർ.ഐ.ഡി.എഫ്-17 ൽ ഉൾപ്പെടുത്തി 85 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചു.

<u>ബേപ്പൂർ-കല്ലായി (ബി.കെ ) കനാൽ</u>

9.3 കി.മീ ദൈർഘ്യമുള്ള ബേപ്പൂർ- കല്ലായി (ബി.കെ) കനാലിന്റെ 3.5 കി.മീ നീളത്തിൽ ആഴംകൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും നബാർഡ് -19 ൽ ഉൾപ്പെടുത്തി 2 റീച്ചുകളിലായി നടന്നുവരുന്നു.

<u>താനൂർ-കൂട്ടായി (ടി.കെ) കനാൽ</u>

18 കി.മീ ദൈർഘ്യത്തിലുള്ള മലപ്പുറം ജില്ലയിലെ താനൂർ കൂട്ടായി (ടി.കെ) കനാലിന്റെ 1.32 കി.മീ നീളത്തിൽ വീതികൂട്ടലും ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണവും 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെ പൂർത്തീകരിച്ചു. 0.36 കി.മീ ഭാഗത്തെ പ്രവൃത്തികൾ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 98% പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

<u>വടകര-മാഹി കനാൽ</u>

ജലപാതകളുടെ സമഗ്ര വികസനത്തിനായി നിരവധി പദ്ധതികൾ പുരോഗമിച്ചുവരുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് വടകര മുതൽ മാഹി വരെയുള്ള 17.61 കി.മീ ഭാഗത്തെ കനാൽ നിർമ്മാണമാണ്. 1965-ൽ സ്ഥലംഏറ്റെടുത്തിരുന്നു

വെങ്കിലും പിന്നീട് ഫണ്ടിന്റെ അപര്യാപ്തത മൂലം കനാൽ നിർമ്മാണം തടസ്സപ്പെട്ട് കിടക്കുകയായിരുന്നു. എന്നാൽ നബാർഡ് ആർ.ഐ.ഡി .എഫ്-17-ൽ ഉൾപ്പെടുത്തി 23 കോടി രൂപയും 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയും (3 റീച്ചുകളിലായി 22+28+20) സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 23.25 കോടി രൂപയും ഉൾപ്പെടെ മൊത്തം 116.25 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും വടകര-മാഹി കനാൽ നിർമ്മാണത്തിന് നൽകുകയുണ്ടായി. 5 ഭാഗങ്ങളായിട്ടാണ് (റീച്ച്) കനാലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട ഒരു റീച്ച് പൂർത്തീകരിക്കുകയും മറ്റ് രണ്ട് ഭാഗങ്ങൾ യഥാക്രമം 92 ശതമാനവും 43 ശതമാനവും പൂർത്തിയാക്കിയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്- 17-ൽ ഉൾപ്പെട്ട ഭാഗം 20 ശതമാനം പൂർത്തിയാക്കിയശേഷം സാങ്കേതിക കാരണങ്ങളെ തുടർന്ന് അവസാനിപ്പിക്കുകയും ചെയ്തു. ടി പ്രവൃത്തി പുനഃക്രമീകരിച്ച് നടപ്പാക്കുന്നതിന് വേണ്ടി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന 5-ാമത്തെ റീച്ചിന്റെ 23 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. ഈ കനാലിന് കുറുകെ 6 റോഡ് മേൽപ്പാലങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിൽ രണ്ട് പാലങ്ങളുടെ ദർഘാസ് നടപടികൾ നടന്നുവരുന്നു. ഒരു പാലത്തിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ബാക്കി 3 പാലങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിയ്ക്കായി തയ്യാറാക്കിവരുന്നു. കൂടാതെ 6 നടപ്പാലങ്ങളുടെ ഭരണാനുമതിയ്ക്കായി സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

<u>മാഹി-വളപട്ടണം</u>

മാഹി- വളപട്ടണം 3 അൺകട്ട് ഭാഗത്തിന്റെ അലൈൻമെന്റ് ദേശിയ ജലപാത നിലവാരത്തിൽ അംഗീകരിച്ച് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൊതുജനങ്ങളുടെ എതിർപ്പ് മൂലം നിർത്തി വെയ്ക്കേണ്ടിവന്നു. പകരം നിർദ്ദേശിച്ചിട്ടുള്ള അലൈൻമെന്റിൽ ഒരുഭാഗത്തെ ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റ് രണ്ട് ഭാഗങ്ങളിലും പ്രദേശവാസികളുടെ എതിർപ്പ് മൂലം ടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. ആദ്യം അംഗീകരിച്ചുകിട്ടിയ അലൈൻമെന്റിൽ 600- ൽ പരം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരും. ആയതിനാലാണ് പുതിയ അലൈൻമെന്റ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ അലൈൻമെന്റിൽ 71 ൽ പരം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരും. ആയതിനാൽ ഈ അലൈൻമെന്റിലും പൊതുജനങ്ങളുടെ എതിർപ്പ് നിലനിൽക്കുന്നു.

<u>കോട്ടപ്പുറം- നീലേശ്വരം ജലപാത</u>

കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിന്റെ ഭാഗമായി ഹോസ്ദുർഗ്ഗ് വരെയുള്ള പ്രവൃത്തികൾ നടപ്പാക്കി വരുന്നു. ഹോസ്ദുർഗ്ഗ് മുതൽ കാസർഗോഡ് വരെയുള്ള ഭാഗത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ